## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3417 21.12.2012- ൽ മറുപടിക്ക്

### <u>നാളികേരത്തിന്റെ ഉല്പാദനവും</u>
### <u>പച്ചത്തേങ്ങ സംഭരണവും</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |

എ സംസ്ഥാനത്തെ നാളികേരത്തിന്റെ ഉല്പാദനം സംബന്ധിച്ച കഴിഞ്ഞ പത്ത് വർഷത്തെ ലഭ്യമായ കണക്കുകൾ വിശദമാക്കുമോ;

എ സംസ്ഥാനത്തെ നാളികേരത്തിന്റെ ഉല്പാദനം സംബന്ധിച്ച കഴിഞ്ഞ പത്ത് വർഷത്തെ ലഭ്യമായ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം (മില്ല്യൻ നാളികേരം) |
|---|---|
| 2001-2002 | 5479 |
| 2002-2003 | 5709 |
| 2003-2004 | 5876 |
| 2004-2005 | 6001 |
| 2005-2006 | 6326 |
| 2006-2007 | 6054 |
| 2007-2008 | 5641 |
| 2008-2009 | 5802 |
| 2009-2010 | 5667 |
| 2010-2011 | 5287 |

ബി നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞു വരുന്നതിന്റെ പ്രമുഖ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉല്പാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യമുണ്ടോ; എങ്കിൽ വിശദമാക്കുമോ;

ബി ഉണ്ട്, തെങ്ങുകൾക്ക് കീടരോഗ ബാധ ഏൽക്കുന്നതാണ് ഉല്പാദനം കുറഞ്ഞു വരുന്നതിന്റെ പ്രധാന കാരണം. കീടരോഗ ബാധയിലും മറ്റ് കാരണങ്ങളാലും ഉൽപ്പാദന ക്ഷമത കുറയുന്നത് പരിഹരിക്കാനുപകരിക്കുന്നതിനായി നാളികേര വികസന പദ്ധതിയായ കേരശ്രീയും നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായി തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയും നടപ്പിലാക്കി വരുന്നു.

കൂടാതെ നാളികേര വികസന ബോർഡിന്റെ തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലൂടെയും തെങ്ങു വികസനത്തിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതികളിൻ കീഴിൽ രോഗം ബാധിച്ചതും ഉല്പാദനം കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചു മാറ്റി പകരം ഗുണമേന്മയുള്ള തൈകൾ വച്ചുപിടിപ്പിക്കുകയും നിലവിലുള്ള തെങ്ങുകൾക്ക് ശാസ്ത്രീയ പരിചരണം നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

സി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നാളികേരം പച്ചത്തേങ്ങയായി സംഭരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉല്പാദിപ്പിക്കുന്ന തേങ്ങ പൂർണ്ണമായും പച്ചത്തേങ്ങയായി സംഭരിക്കാൻ എന്ത് തുക വേണ്ടി വരും; ഇതിനായി എന്ത് തുക അനുവദിച്ചിട്ടുണ്ട്; എത്ര പച്ചത്തേങ്ങ ഈ വർഷം സംഭരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സി ഉണ്ട്, കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം 2012 സീസണിലേക്ക്, പൊതിച്ച നാളികേരത്തിന് പ്രഖ്യാപിച്ചിട്ടുള്ള ക്വിന്റലിന് 1400 രൂപ നിരക്കിലാണ് പച്ചതേങ്ങ സംഭരണം നടത്തി വരുന്നത്. നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ് ഫെഡും മുഖേന, പച്ച നാളികേരം സംഭരിച്ച് കൊപ്രയാക്കുവാൻ ഡ്രയർ സംവിധാനമുള്ള സഹകരണ സംഘങ്ങളിലൂടെയാണ് പച്ചതേങ്ങ സംഭരണം നടത്തുന്നത്. ഇതിനു പുറമേ കൃഷിഭവനുകൾ മുഖേന പച്ചനാളികേരം സംഭരിക്കുവാനുള്ള ഒരു പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ആവശ്യമായ 21 കോടി രൂപയിൽ 8 കോടി രൂപ കൃഷി വകുപ്പിന് അധിക ധനസഹായമായും ബാക്കി 13 കോടി രൂപ കൃഷി വകുപ്പിന്റെ 2012-13 വർഷത്തിലെ വിവിധ പദ്ധതികൾക്കായി മാറ്റി വച്ചിരിക്കുന്ന തുകയിൽ നിന്നും റിഅപ്രോപ്രിയേഷൻ വഴിയും ലഭിക്കു ന്നതാണ്.

കേരഫെഡ് മുഖേന സംഭരണം നടത്തുന്നതിൽ 18 സഹകരണസംഘങ്ങളും 43 നാളികേരോത്പാദക സംഘങ്ങളും, സംസ്ഥാനത്ത് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ എന്നീ ജില്ലകളിൽ നിന്നും

ആകെ 8900 ടൺ പച്ചതേങ്ങ നവംബർ 30 വരെ സംഭരണം നടത്തിയിട്ടുണ്ട്. മാർക്കറ്റ് ഫെഡ് മുഖേന 23 സംഘങ്ങൾ, കോഴിക്കോട്, പാലക്കാട്, തൃശൂർ, എറണാകുളം ജില്ലകളിൽ നിന്നും 7412 ടൺ പച്ചതേങ്ങ നവംബർ 30 വരെ സംഭരിച്ചിട്ടുണ്ട്.

വിപണിയിൽ പച്ചതേങ്ങയുടെ വില ഇപ്പോൾ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ കുറഞ്ഞു നിൽക്കുന്ന സാഹര്യത്തിലാണ് സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നത്. വിപണി വില ഉയർന്ന് താങ്ങുവിലയ്ക്ക് സമമാകുന്നതുവരെ നാളികേര സംഭരണ പദ്ധതി തുടരുന്നതാണ്.

സെക്ഷൻ ഓഫീസർ